പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1763

13.7.2011 ൽ
മറുപടിയ്ക്ക്

## മെട്രോ നഗരങ്ങൾ കേന്ദ്രീകരിച്ച് ഐ.ടി. പദ്ധതികൾ

ചോദ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ ;

എ) മെട്രോ നഗരങ്ങൾ കേന്ദ്രീകരിച്ച് ഐ.ടി. പദ്ധതികൾ ആരംഭിച്ചാൽ മതിയെന്ന നയം സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

ബി) ഗ്രാമ-നഗര വ്യത്യാസമില്ലാതെ പശ്ചാത്തല സൗകര്യമുള്ളയിടങ്ങളിൽ ഐ.ടി. സംരംഭം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

ശ്രീ. പി.കെ. കുഞ്ഞാലികുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും മന്ത്രി)

(എ) യും (ബി) യും

മെട്രോ നഗരങ്ങൾ കേന്ദ്രീകരിച്ച് ഐ.ടി. പദ്ധതികൾ ആരംഭിച്ചാൽ മതിയെന്ന നയം സ്വീകരിച്ചിട്ടില്ല. തിരുവനന്തപുരത്തെ ടെക്നോപാർക്ക് കൊച്ചിയിലെ ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നീ ഐ.ടി. പാർക്കുകളെ ഹബ്ബുകളാക്കി മറ്റു ജില്ലകളിൽ സ്പോക്ക് മോഡലിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയാണ് ഇപ്പോൾ നടന്നുവരുന്നത്. ഇതിൽ തൃശ്ശൂരിലെ കൊരട്ടിയിലും ആലപ്പുഴയിലെ ചേർത്തലയിലും ഐ.ടി. പാർക്കുകൾ സ്ഥാപിതമായിട്ടുണ്ട്. കൊല്ലം, കണ്ണൂർ,കാസർകോഡ് എന്നിവിടങ്ങളിലെ ഐ.ടി പാർക്കുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിന് പുറമെ ഗ്രാമീണ മേഖലയിലെ അഭ്യസ്ഥവിദ്യരായ യുവാക്കൾക്ക് ഐ.ടി. മേഖലയിൽ തൊഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ടെക്നോലോഡ്ജ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ